# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2231 – 14/06/2019 - ലെ മറുപടിക്ക്

## വാർഷിക പദ്ധതിയിൽ വെട്ടിക്കുറവ്

ചോദ്യം | ഉത്തരം

ശ്രീ.മോൻസ് ജോസഫ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി നേരിട്ടും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വഴിയും 2017-18, 2018-19 സാമ്പത്തിക വർഷം എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ പ്രകാരം, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും കേന്ദ്ര പദ്ധതികൾക്കുമുള്ള കേന്ദ്ര വിഹിതമായി 2017-18-ൽ നിർവ്വഹണ ഏജൻസികൾ വഴി നേരിട്ട് (അഞ്ച് കോടിയും അതിനു മുകളിലും ചെലവുള്ള പദ്ധതികൾക്കായി) 3444.23 കോടി രൂപയും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വഴി 3382.01 കോടി രൂപയും ഉൾപ്പെടെ ആകെ 6826.24 കോടി രൂപ ലഭിച്ചിട്ടുണ്ട്. പി.എഫ്.എം.എസ് വെബ് പോർട്ടലിലെ കണക്കുകൾ പ്രകാരം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി 2018-19 സാമ്പത്തിക വർഷം നിർവ്വഹണ ഏജൻസികൾ വഴി നേരിട്ട് 2815.70 കോടി രൂപയും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വഴി 4150.62 കോടി രൂപയും ഉൾപ്പെടെ ആകെ 6966.32 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | 2018-19 വാർഷിക പദ്ധതിയിൽ നാളിതുവരെ എത്ര കോടി രൂപ ഓരോ വകുപ്പും ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; ഏറ്റവും കൂടുതലും കുറവും തുക ചെലവാക്കിയ വകുപ്പുകളേതെന്നറിയിക്കാമോ; വകുപ്പുകളുടെ പെർഫോമൻസ് വ്യക്തമാക്കാമോ; | 2018-19 വാർഷിക പദ്ധതിയിൽ 22248.54 കോടി രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഏറ്റവും കൂടുതൽ തുക (259.69 ശതമാനം) ചെലവഴിച്ചപ്പോൾ ഭവന നിർമ്മാണ വകുപ്പാണ് ഏറ്റവും കുറവ് തുക (2.85 ശതമാനം) ചെലവാക്കിയത്. വിശദാംശങ്ങൾ **അനുബന്ധം I** ആയി ചേർക്കുന്നു. |
| (സി) | പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിന് ഈ വർഷത്തെ പദ്ധതി ചെലവിൽ | 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ |

| | | |
|---|---|---|
| | വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് കുറവ് വരുത്തിയത്; | തുടർന്ന് പദ്ധതികളുടെ മുൻഗണനാ പുന:ക്രമീകരണം നടത്തുവാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവ ഒഴികെയുള്ള വകുപ്പുകളുടെ 2018-19-ലെ പദ്ധതിയടങ്കലിൽ 20% കുറവ് വരുത്താൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഈ വർഷത്തെ പദ്ധതി ചെലവിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല. |
| (ഡി) | സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്താമോ; | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ചുള്ള അക്കൗണ്ടന്റ് ജനറലിന്റെ 2018-19 വർഷത്തെ അന്തിമ കണക്ക് ഇതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്കേ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാകുകയുള്ളൂ. 2019-20 സാമ്പത്തിക വർഷത്തെ ആദ്യപാദ കണക്കുകൾ ലഭ്യമായാൽ മാത്രമേ നിലവിലെ സാമ്പത്തിക സ്ഥിതി 2018-19 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യാൻ സാധിക്കുകയുള്ളൂ. |
| (ഇ) | ഈ സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ ഇതുവരെയുള്ള പുരോഗതി അറിയിക്കാമോ? | സംസ്ഥാനത്തിന്റെ നികുതി പിരിവ് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ 2019 ഏപ്രിൽ മാസം വരെയുള്ള താൽക്കാലിക കണക്ക് മാത്രമേ ലഭ്യമായിട്ടുള്ളൂ. ആയത് പ്രകാരം 2019 ഏപ്രിൽ 30 വരെയുള്ള നികുതി പിരിവ് 3399.85 കോടി രൂപയാണ്. |

**സെക്ഷൻ ഓഫീസർ**

## Expenditure Statement from Planspace for 2018-19

| Sl No | Name of Department | Outlay (Rs. in Lakh) | Expenditure (Rs. in Lakh) | Expenditure % (Depts.) |
|---|---|---|---|---|
| 1 | Agriculture Development & Farmers' Welfare | 93957.50 | 76592.99 | 81.52 |
| 2 | Animal Husbandry | 43788.00 | 30227.34 | 69.03 |
| 3 | AYUSH | 13595.00 | 9766.56 | 71.84 |
| 4 | Backward Communities Development | 10720.00 | 27838.99 | 259.69 |
| 5 | Co-operation | 16036.00 | 39151.47 | 244.15 |
| 6 | Coastal Shipping and Inland Navigation | 9359.00 | 1567.32 | 16.75 |
| 7 | Cultural Affairs | 8360.00 | 5031.71 | 60.19 |
| 8 | Cultural Affairs(Archeology,Archives & Musuems) | 4355.00 | 2707.08 | 62.16 |
| 9 | Cultural Affairs(Zoos) | 1155.00 | 460.48 | 39.87 |
| 10 | Disaster Management | 750.00 | 373.30 | 49.77 |
| 11 | Electronics & Information Technology | 58759.00 | 26908.20 | 45.79 |
| 12 | Environment | 7116.00 | 2026.72 | 28.48 |
| 13 | Finance | 16650.00 | 10652.11 | 63.98 |
| 14 | Fisheries | 50265.00 | 35444.68 | 70.52 |
| 15 | Food & Civil Supplies | 7794.00 | 3470.34 | 44.53 |
| 16 | Forest & Wild Life | 24372.00 | 13820.53 | 56.71 |
| 17 | General Administration | 5017.00 | 307.32 | 6.13 |
| 18 | General Education | 101604.00 | 62272.39 | 61.29 |
| 19 | Health & Family Welfare | 135188.00 | 97392.41 | 72.04 |
| 20 | Higher Education | 95258.00 | 51559.68 | 54.13 |
| 21 | Home & Vigilance | 30195.00 | 15083.28 | 49.95 |
| 22 | Housing | 6260.00 | 178.50 | 2.85 |
| 23 | Industries & Commerce | 83798.00 | 53455.48 | 63.79 |
| 24 | Industry (Coir) | 14108.00 | 12747.09 | 90.35 |
| 25 | Information and Public Relations | 4588.00 | 4352.56 | 94.87 |
| 26 | Labour and Skills | 57514.00 | 50555.99 | 87.9 |
| 27 | Law | 140.00 | 99.15 | 70.82 |
| 28 | Legislature | 110.00 | 82.80 | 75.27 |
| 29 | Local Self Government | 232299.00 | 179904.53 | 77.45 |
| 30 | Minority Welfare | 9075.00 | 7617.45 | 83.94 |
| 31 | Non- Resident Keralites Affairs | 8000.00 | 5197.83 | 64.97 |
| 32 | Personnel & Administrative Reforms | 2300.00 | 2193.73 | 95.38 |
| 33 | Planning & Economic Affairs | 15386.50 | 4858.21 | 31.57 |
| 34 | Ports | 16642.00 | 16116.72 | 96.84 |
| 35 | Power | 178411.00 | 199486.54 | 111.81 |
| 36 | Public Works | 154553.00 | 236025.23 | 152.71 |
| 37 | Revenue | 14613.00 | 5139.85 | 35.17 |
| 38 | Scheduled Castes | 153089.00 | 112567.09 | 73.53 |
| 39 | Scheduled Tribes | 59808.00 | 46543.55 | 77.82 |

| Sl No | Name of Department | Outlay (Rs. in Lakh) | Expenditure (Rs. in Lakh) | Expenditure % (Depts.) |
|---|---|---|---|---|
| 40 | Science & Technology | 12173.00 | 5708.65 | 46.9 |
| 41 | Social Justice | 25650.00 | 18372.26 | 71.63 |
| 42 | Sports and Youth Affairs | 19740.00 | 13899.11 | 70.41 |
| 43 | Taxes | 4650.00 | 2434.61 | 52.36 |
| 44 | Taxes(Excise) | 1300.00 | 1384.83 | 106.53 |
| 45 | Tourism | 37900.00 | 28931.40 | 76.34 |
| 46 | Transport | 42690.00 | 37551.83 | 87.96 |
| 47 | Vigilance | 1300.00 | 600.25 | 46.17 |
| 48 | Water Resources | 159521.00 | 71492.41 | 44.82 |
| 49 | Woman and Child Development | 42944.00 | 25215.45 | 58.72 |
| 50 | LSG Institutions | 700000.00 | 569485.58 | 81.36 |
| 51 | Major Infrastructural Development Projects | 122144.00 | 0.00 | 0 |
| | | **2915000.00** | **2224853.58** | **76.32** |